പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2068 07.03.2017 -ൽ മറുപടിക്ക്.

## സംസ്ഥാനത്തിന്റെ അരി വിഹിതം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സമയത്തിന് അരി എടുക്കാത്തത് കാരണം സംസ്ഥാനത്തിന് 1200 ടൺ അരി പാഴായി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) & (ബി) ഉണ്ട്; കോട്ടയം ജില്ലയിൽ ഭക്ഷ്യധാന്യം വിട്ടെടുക്കുന്ന ചിങ്ങവനം എഫ്.സി.ഐ ഡിപ്പോയിൽ തുടർച്ചയായുണ്ടായ വാഗൺ പ്ലെയ്സ്മെന്റും എഫ്.സി.ഐ തൊഴിലാളികളുടെ സഹകരണമില്ലായ്മയും മൂലം ജനുവരി മാസത്തേക്കനുവദിച്ച അലോട്ട്മെന്റിൽ 1298 മെ.ടൺ ഭക്ഷ്യധാന്യം കൃത്യസമയത്ത് വിട്ടെടുക്കുവാൻ സാധിച്ചില്ല. ടി വിഹിതം വിട്ടെടുക്കുവാൻ സമയപരിധി ദീർഘിപ്പിച്ച് നല്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തിന് ഒരു മാസം ലഭിക്കുന്ന അരി വിഹിതം എത്ര ടണ്ണാണ് ; | (സി) 95715.792 മെട്രിക് ടൺ. |
| (ഡി) അരി കൃത്യമായി എടുത്തില്ലെങ്കിൽ വിഹിതത്തിൽ കുറവു വരുമോ ; എങ്കിൽ വിഹിതം കൃത്യമായി എടുക്കുന്നതിന് ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ ? | (ഡി) വിഹിതത്തിൽ കുറവ് വരുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ഒന്നും ലഭിച്ചിട്ടില്ല. അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ സമയബന്ധിതമായി വിട്ടെടുക്കുന്നതിന് മുൻപ് എഫ്.സി.ഐ അധികൃതരുമായി ആലോചിച്ച് പ്ലാൻ തയ്യാറാക്കി വിട്ടെടുപ്പ് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. അപ്രതീക്ഷിതമായി ഉണ്ടാകുന്ന വാഗൺ പ്ലെയ്സ്മെന്റ് വിട്ടെടുപ്പിന് തടസ്സം ചെയ്യുന്ന ഒരു പ്രധാന കാരണമായതിനാൽ എക്സ്-വാഗൺ ഇഷ്യൂ നടത്തണമെന്ന് എഫ്.സി.ഐ യോട് നിരന്തരമായി അഭ്യർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ